## ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ നടപടിക്രമം

**ഹാജർ : U.V.Jose IAS (Retd)**

വിഷയം :- ത.സ്വ.ഭ.വ - ശുചിത്വമിഷൻ - ഖരമാലിന്യ (ജൈവം) സംസ്കരണം മേഖലയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സേവനം നല്കുന്നതിലേയ്ക്ക് 43 സേവന ദാതാക്കളുടെ അംഗീകാരം പുതുക്കി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

പരാമർശം:-

1. 31.12.2014-ലെ സ.ഉ (സാധാ) നം. 3508/2014/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്.
2. 13.08.2018-ൽ ചേർന്ന 29-ാമത് ശുചിത്വമിഷൻ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ 14-ാം നമ്പർ തീരുമാനം.
3. ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 25.06.2025 തീയതിയിലെ SM/2318/2024-C4-Part(1) നമ്പർ നടപടിക്രമം.
4. 05.08.2025 തീയതിയിൽ കൂടിയ ശുചിത്വമിഷൻ ടെക്നിക്കൽ കമ്മിറ്റി തീരുമാനം

നമ്പർ: SM/2318/2024-C4-Part(1) തീയതി: 16-08-2025

### ഉത്തരവ്

ഖരമാലിന്യ (ജൈവം) സംസ്കരണം മേഖലയിൽ സേവനം നൽകുന്നതിലേയ്ക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുന്നതിനുവേണ്ടി കൂടുതൽ സേവനദാതാക്കളെ തെരഞ്ഞെടുക്കുന്നതിലേയ്ക്ക് അപേക്ഷ ക്ഷണിക്കുന്നതിന് പരാമർശം (1) ഉത്തരവ് പ്രകാരം ശുചിത്വ മിഷന് അനുമതി നൽകി ഉത്തരവായിരുന്നു. കൂടാതെ പരാമർശം (2) തീരുമാന പ്രകാരം ഇക്കാര്യത്തിലേയ്ക്ക് രൂപീകരിക്കപ്പെട്ട സാങ്കേതിക സമിതിയുടെ ശുപാർശയിന്മേൽ ഖരമാലിന്യ സംസ്കരണ മേഖലയിലെ സേവന ദാതാക്കളെ എംപാനൽ ചെയ്യുന്നതിന് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്.

ഖരമാലിന്യ (ജൈവം) സംസ്കരണം മേഖലയിൽ ശുചിത്വ മിഷന്റെ ആംഗീകൃത സേവന ദാതാക്കളായി 70 ഏജൻസികൾക്ക് 31-06-2025 വരെ അംഗീകാരം പുതുക്കി നൽകി പരാമർശം (3) പ്രകാരം ഉത്തരവായിരുന്നു. തുടർന്നും അംഗീകാരം പുതുക്കി നൽകുന്നതിലേയ്ക്ക് മുൻകാലങ്ങളിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ വിവരങ്ങൾ ലഭ്യമാക്കുന്നതിന് 70 ഏജൻസികളോടും നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ, Biosphere, Bio energy Solution, Kerala State Pottery Manufacturing corporation, Floret Technologies, Mahyooba എന്നീ 5 ഏജൻസികൾ ഒഴികെയുള്ള, 65 ഏജൻസികൾ എംപാനൽമെന്റ് പുതുക്കുന്നതിന് ആവശ്യമായ വിവരങ്ങൾ സമർപ്പിച്ചിരുന്നു.

ടി വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഉപാധികളുടെ പ്രവർത്തനക്ഷമത, ഏജൻസികളുടെ സർവീസ് ക്വാളിറ്റി എന്നിവ സംബന്ധിച്ച് ഫീൽഡ്തല പരിശോധന നടത്തി ഏജൻസികളുടെ റാങ്കിംഗ് നടത്തുന്നതിനും റിപ്പോർട്ട് സമർപ്പിക്കുന്നതിനും സെന്റർ ഫോർ മാനേജ്മെന്റ് ആന്റ് ഡെവലപ്പ്മെന്റിനെ (CMD) ചുമതലപ്പെടുത്തിയിരുന്നു. കൂടാതെ ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ സ്ഥാപിക്കപ്പെട്ട ഉപാധികളുടെ പ്രവർത്തനം സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കുന്നതിന് ജില്ലാ മിഷനുകളെയും ചുമതലപ്പെടുത്തിയിരുന്നു.

പരാമർശം (4) പ്രകാരം ചേർന്ന ശുചിത്വ മിഷൻ ടെക്നിക്കൽ കമ്മിറ്റി യോഗത്തിൽ, CMD യിൽ നിന്നുള്ള റിപ്പോർട്ട് ലഭ്യമാകുന്നതിന് കാലതാമസം നേരിടുമെന്നതിനാൽ, തങ്ങളുടെ പ്രവൃത്തി നിർവ്വഹണം സംബന്ധിച്ച് ഏജൻസികൾ ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ, ജില്ലാതലത്തിൽ നടത്തിയ വെരിഫിക്കേഷൻ റിപ്പോർട്ടുകൾ പ്രകാരം, പരിശോധന പൂർത്തിയാക്കിയ 44 ഏജൻസികളിൽ, തൃപ്തികരമായ പ്രവർത്തനം കാഴ്ച വച്ച, ചുവടെ

അനുബന്ധമായി ചേർക്കും പ്രകാരമുള്ള **43** ഏജൻസികളുടെ എംപാനൽ മെന്റ് 6 മാസത്തേയ്ക്ക് പുതുക്കി നൽകുന്നതിനും, ആയതിനുശേഷം ഉപാധികളുടെ പ്രവർത്തനക്ഷമത സംബന്ധിച്ച് സെന്റർ ഫോർ മാനേജ്മെന്റ് ആന്റ് ഡെവലപ്പ്മെന്റിൽ (CMD) നിന്നുമുള്ള ഗ്രേഡിംഗിന്റെ അടിസ്ഥാനത്തിൽ എംപാനൽമെന്റ് കാലാവധി ദീർഘിപ്പിച്ച് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനും നിർദ്ദേശിച്ചിട്ടുള്ളതാണ്.

പരാമർശം (2) ഉത്തരവിന്റെ കാലാവധി 2025 ജൂലൈ 31 ന് അവസാനിച്ചിട്ടുള്ള സാഹചര്യത്തിലും, ശുചിത്വ മിഷൻ സാങ്കേതിക സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിലും, പരാമർശം (4) തീരുമാനത്തിന് വിധേയമായി, ഇതോടൊപ്പം **അനുബന്ധമായി ചേർത്തിട്ടുള്ള** 43 **ഏജൻസികളുടെ** എംപാനൽമെന്റ് കാലാവധി ചുവടെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി **2026 ജനുവരി 30 വരെ** ദീർഘിപ്പിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

**നിബന്ധനകൾ**

1. ഈ അംഗീകാരത്തിന്റെ കാലാവധി **2026 ജനുവരി 30 വരെ** ആയിരിക്കും. ആയതിനുശേഷം ഉപാധികളുടെ പ്രവർത്തനക്ഷമത സംബന്ധിച്ച് സെന്റർ ഫോർ മാനേജ്മെന്റ് ആന്റ് ഡെവലപ്പ്മെന്റിൽ (CMD) നിന്നുമുള്ള ഗ്രേഡിംഗിന്റെ അടിസ്ഥാനത്തിൽ അംഗീകാരം പുതുക്കി നൽകുന്നതാണ്.
2. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രോജക്ടുകൾ നടപ്പിലാക്കുമ്പോൾ അതാത് മേഖലകളിലുള്ള എല്ലാ സേവനദാതാക്കൾക്കും ഓഫർ നൽകുവാൻ അവസരം നൽകുന്ന രീതിയിൽ രേഖാമൂലമുള്ള അറിയിപ്പുകൾ നൽകേണ്ടതാണ്. സേവനദാതാക്കൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവൃത്തി ഏറ്റെടുക്കുന്നതിന് മുമ്പായി ടി പദ്ധതിക്ക് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.
3. സേവനദാതാക്കൾ അവരവർക്ക് അംഗീകാരം നൽകിയിട്ടുള്ള സേവന മേഖലയിൽ ടെൻഡർ നടപടിക്രമങ്ങളിലൂടെ മാത്രമേ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവൃത്തി ഏറ്റെടുക്കുവാൻ പാടുള്ളൂ. സർക്കാർ/ശുചിത്വ മിഷൻ അംഗീകൃത സ്പെസിഫിക്കേഷൻ പ്രകാരമുള്ളതും, ഗുണനിലവാരമുള്ളതുമായ ബയോഗ്യാസ്/കമ്പോസ്റ്റ് യൂണിറ്റുകൾ, സർക്കാർ/ശുചിത്വ മിഷൻ നിശ്ചയിച്ചിട്ടുള്ള യൂണിറ്റ് നിരക്കിൽ മാത്രമേ നിർമ്മിച്ച് വിതരണം ചെയ്യുവാൻ പാടുള്ളൂ. ഗുണനിലവാര പരിശോധനകൾ സർക്കാർ മാർഗരേഖ പ്രകാരം അനുവർത്തിക്കേണ്ടതാണ്.
4. ഈ മേഖലയിൽ നിലവിലുള്ള സർക്കാർ ഉത്തരവുകളും, മാർഗ്ഗനിർദ്ദേശങ്ങളും പാലിച്ച് വേണം സേവനദാതാക്കൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സേവനം നൽകേണ്ടത്. കൂടാതെ കാലാകാലങ്ങളിൽ സർക്കാർ/ശുചിത്വ മിഷൻ നിശ്ചയിക്കുന്ന ജൈവമാലിന്യ സംസ്കരണ ഉപാധികളുടെ യൂണിറ്റ് നിരക്ക്, സ്റ്റാൻന്റേർഡ്സ് & സ്പെസിഫിക്കേഷൻ, പ്രവൃത്തി പരിപാലന പ്രോട്ടോകോൾ, വാറന്റി നിബന്ധനകൾ, പ്രവർത്തി നിർവ്വഹണ മാർഗ്ഗരേഖകകൾ എന്നിവ നിർബന്ധമായും എല്ലാ സേവനദാതാക്കളും പാലിക്കേണ്ടതാണ്.
5. സേവന ദാതാക്കൾ അവർ ഏറ്റെടുക്കുന്ന പ്രവൃത്തി സംബന്ധിച്ച വിശദ വിവരങ്ങൾ (പ്രോജക്ടിന്റെ വിവരങ്ങൾ, പ്രവൃത്തി നിർവ്വഹണ ഉത്തരവിന്റെ പകർപ്പ് (വർക്ക് ഓർഡർ), ഗുണഭോക്താക്കളുടെ വിവരം, പ്രോജക്ട് ലൊക്കേഷൻ എന്നിവ) നിർബന്ധമായും രജിസ്റ്റർ ചെയ്ത് സൂക്ഷിക്കേണ്ടതും, എംപാനൽമെന്റ് കാലയളവിലെ പ്രവർത്തന റിപ്പോർട്ട് ശുചിത്വ മിഷനിൽ ലഭ്യമാക്കേണ്ടതുമാണ്.
6. സേവന ദാതാക്കൾ മേൽ പറഞ്ഞ നിബന്ധനകൾ കർശനമായി പാലിക്കേണ്ടതാണ്. പദ്ധതി നിർവ്വഹണം മേൽ പറഞ്ഞവയ്ക്ക് വിരുദ്ധമായി കാണുന്ന പക്ഷമോ, ശുചിത്വ മിഷൻ

കാലാകാലങ്ങളിൽ എടുക്കുന്ന തീരുമാനങ്ങൾക്ക് വിധേയമായോ, നിലവിലെ മാലിന്യ സംസ്കരണ സംവിധാനങ്ങൾ സംബന്ധിച്ച പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലോ യാതൊരു അറിയിപ്പും കൂടാതെ ഏതു സമയത്തും അംഗീകാരം റദ്ദ് ചെയ്യുന്നതിന് ശുചിത്വ മിഷന് അധികാരമുണ്ടായിരിക്കുന്നതുമാണ്.

7. സർക്കാർ/ശുചിത്വമിഷൻ നടത്തുന്ന മാലിന്യ സംസ്കരണ പരിപാടികളിൽ എല്ലാ സേവനദാതാക്കളുടെയും സഹകരണം ഉറപ്പാക്കേണ്ടതാണ്.
8. മേൽപ്പറഞ്ഞ കരാർ വ്യവസ്ഥകളിലെ ലംഘനം ഉണ്ടാകുന്ന പക്ഷം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനം ടി ഏജൻസിക്ക് ഫൈൻ ചുമത്തേണ്ടതും ടി തുക ഏജൻസിക്ക് നൽകുവാനുള്ള തുകയിൽ നിന്നും തിരിച്ചു പിടിക്കേണ്ടതുമാണ്.

ഉള്ളടക്കം :- അനുബന്ധം (43 ഏജൻസികളുടെ ലിസ്റ്റ്)

U.V.Jose IAS (Retd)

EXECUTIVE DIRECTOR

സ്വീകർത്താവ്

ബന്ധപ്പെട്ട ഏജൻസികൾ

പകർപ്പ്

1. പ്രിൻസിപ്പൽ ഡയറക്ടർ, ത.സ്വ.ഭ.വ, (അറിവിലേയ്ക്കായി)
2. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
3. എല്ലാ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർക്കും.
4. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്കും (ജില്ലാ കോ-ഓർഡിനേറ്റർമാർ മുഖേന).
5. . വെബ് സൈറ്റ്, ഓഫീസ് കോപ്പി/കരുതൽ ഫയൽ.

**ANNEXURE**

| Sl No | Name of Agency | Area Recommended |
|---|---|---|
| 1. | BIOTECH RENEWABLE ENERGY Pvt.Ltd.<br>Post Box No. 520, Biotech Towers,<br>M P Appan Road, Vazhuthakad,<br>Thycadu PO,<br>Trivandrum -695014<br>0471 2321909, 2332179, 2331909<br>mailtobiotech@gmail.com | • Portable and Fixed dome type Biogas plants<br>• Mosquito free portable biogas plant - size 0.75 & 1.5cum |
| 2. | AJESH RENEWABLE ENERGY SOLUTIONS,<br>TC31/1087/1,<br>Parakkudi Lane(PKLRA 50)<br>Pettah P.O., Thiruvananthapuram-695024<br>04712461436, 9447231883<br>jayamohanjm@yahoo.com | • Portable and Fixed dome type Biogas plants, |
| 3. | KERALA AGRO INDUSTRIES CORPORATION LTD.<br>'Kissan Jyothi', Fort, Trivandrum - 695 023<br>Email: mdofficekaic@gmail.com<br>kaicgeneralsection@gmail.com<br>Ph: 0471 - 2471343, 2471344, 2471345, 7558880453 | • Portable & Fixed dome type Biogas plants.<br>• Ring Composting Unit<br>• Portable Household bio bin Unit<br>• Bucket Composting Unit<br>• Vermi Composting Unit |
| 4. | GREEN VILLAGE<br>P-67, Pullaikonam Lane II, Sasthamangalam,<br>Thiruvananthapuram - 695010<br>greenvillage.green@gmail.com<br>Ph: 9895532192 | • Bio composter Bin<br>• Kitchen Bin. |

<table>
<tr><td></td><td></td><td></td></tr>
<tr><td>5.</td><td>GPS RENEWABLES PVT. LTD.,<br>B5, 1302, South City, ArekereMico layout<br>Bangalore – 560076<br>Ph: 080- 4977 0101/02<br>Mob: 9731272138, 09480189447<br>EMail: sreekrishna@gpsrenewables.com<br>info@gpsrenewables.com<br><br>Regional Address<br><br>GPS RENEWABLES PVT. LTD.,<br>B-Hub, Mar Ivanios Vidya Nagar, Nalanchira<br>Thiruvananthapuram- 695015<br>Mob: 9986088401</td><td>• Supply, installation and operations & maintenance of Improved Prefabricated Biogas Plant with heating system, automatic flaring system and online plant health monitoring system.</td></tr>
<tr><td>6.</td><td>AGRO FLAME<br>Kumbazha,<br>Pavumba P.O,<br>Karunagappally,<br>Kollam – 690 574.<br>Ph: 9846218166, 7034587222<br>agroflame14@gmail.com<br><br>New Address<br>AGGRO FLAME INDUSTRIES PVT. LTD.<br>Kumbazha,Pavumba P.O,<br>Karunagappally,<br>Kollam – 690 574.<br>Ph: 9846218166, 7034587222<br>E-mail : agroflame14@gmail.com<br>Website: www.agroflame.in</td><td>• Portable and Fixed dome type Biogas plants<br>• Ring Composting Unit<br>• Organic composting bin<br>• Bio digester pot<br>• Bio composter bin.</td></tr>
<tr><td>7.</td><td>TECH FARM INDIA<br>Brahma Organic Farm<br>Poikayil, Kaithukuzhi,<br>Adichanalloor P.O, Kollam,<br>Phone:9605582928, 9605582938<br>techfarmindia474@gmail.com</td><td>• OWC Mobile composting unit with extended aerated windrow composting system.</td></tr>
<tr><td>8.</td><td>SAROVARAM EDUCATION & CHARITABLE TRUST (SET)<br>Sreenilayam,Kannamangalam north<br>Chettikulangara P O, Mavelikara,<br>Alappuzha 690106<br>Ph: 0479-2348499, 9447887876<br>setctk@yahoo.in</td><td>• Portable & Fixed dome type Biogas plant<br>• Ring Composting Unit<br>• Aerobic Bin composting Unit</td></tr>
</table>

| | | |
|---|---|---|
| **9.** | PELICAN BIOTECH & CHEMICAL LABS PVT LTD,<br>1/77, (VII/390), N.C. John Estate,<br>Kuthiathode PO,<br>Cherthala, Alappuzha – 688 533<br>Ph: 0478 2560206<br>9961787333, 9961787333<br>mail : contact@pelicanbiotech.com<br>manoj@pelicanbiotech.com<br><br>**New Address**<br><br>PELICAN KENTERRA PVT. LTD<br>117/3, Vayalar PO, Cherthala,<br>Alappuzha – 688 536<br>Ph: 0478 2560206<br>9961787333, 9961787333<br>mail : contact@pelicanbiotech.com<br>manoj@pelicanbiotech.com www.Kenterra.in | • Portable Biogas plant<br>• Bucket Composting Unit<br>• Portable Household Biobin units<br>• Institutional level Portable Bio bin Units |
| **10.** | GREEN TECH ENGINEERING<br>NH47, SL Puram PO, Cherthala,<br>Alappuzha-688523<br>04782860233, 9447347515<br>greentechkerala@gmail.com | • Portable & Fixed dome type Biogas plant |
| **11.** | ALLEPPY BIOTECH<br>Puthiyaveedu, Veliyanadu PO, Alappuzha – 689 590<br>Ph: 9645094347, 9400454347<br>aneeshmohan13@gmail.com , alleppeybiotech@gmai.com<br><br>**New Address**<br><br>ALLEPPY BIOTECH<br>37/2055, PV Building,<br>Kollamkudimugal Road, Thrikkakara,<br>Ernakulam - 682021<br>Ph: 9447489423 | • Portable & Fixed dome type Biogas plant<br>• Bucket composting Unit<br>• Pot Composting Unit<br>• Bio digester pot<br>• Portable household bio bin Unit<br>• Pipe composting Unit<br>• Kitchen bin<br>• Bio Composter bin<br>• Institutional level Portable Bio bin Units. |
| **12.** | SANTA POLYMERS ,<br>T.V Puram P O, Vaikam,<br>Kottayam - 686 606<br>PH: 04829 219014, 9526392392, 9847089314<br>santapolymers@gmail.com | • Portable& Fixed dome type Biogas plant<br>• Aerobic Bin Composting units<br>• Portable household bio bin Unit<br>• Bio digester pot<br>• Bio Composter bin<br>• Bucket composting Unit |

| | | |
|---|---|---|
| **13.** | DINAMITHRA<br>Vadakkakom (H), Cheng<br>alam SPO,<br>Kottayam – 686022<br>04812523382, 9446714642, 9037650080<br>dinamithrabioplant@gmail.com | • Portable & Fixed dome type Biogas plant<br>• Bucket Composting Unit<br>• Ring Composting Unit<br>• Aerobic bin Composting Unit |
| **14.** | E-NADU YUVAJANA SAHAKARANA SANGHAM<br>Chazhicaud Building ,<br>Opposit Panchayath office<br>Veliyannur P.O,<br>Kottayam - 686634<br>E-mail:- sajeshmarvel@gmail.com<br>Ph: 9447709388 | • Portable Biogas plant.<br>• Gee Bin (2 bin &3 bin System) |
| **15.** | FOAB SOLUTIONS PRIVATE LTD.,<br>Startups Valley TBI,<br>Amaljyothi College of Engineering<br>Koovappally, Kanjirappally,<br>Kottayam - 686518<br>+ 91 9497333999, 9497009880<br>foabsolutions@gmail.com<br><br>***Registered office***<br>FOAB SOLUTIONS PRIVATE LTD.,<br>Melettu Plaza, Munthirikkavala,<br>Kurisummoodu P.O, Changanassery,<br>Kottayam - 686 104 | • Gee Bin (2 bin &3 bin System) |
| **16.** | BLUE FLAME BIO<br>Thodupuzha, Idukki - 685605<br>Ph:9946214075, 9496992545<br>blueflamebio@gmail.com | • Portable Biogas plants,<br>• Bio digester pot,<br>• Ring Composting Units |
| **17.** | BION RENEWABLE ENERGY SOLAR SERVICE<br>Vazhathope, Thadayampadu PO,<br>Idukki -685 602<br>04862235033, 9496444207<br>sajinellikunnelidk@gmail.com | • Portable & Fixed dome type Biogas plants<br>• Ring composting Units |

| | | |
|---|---|---|
| **18.** | CREDAI CLEAN CITY MOVEMENTS<br>No.43, 1st floor<br>Jawahar Nagar, Kadavanthra<br>Kochi- 682020<br>Ph: 0484-220414, 9961055355, 9605009901<br>credaicleancity@gmail.com<br><br>**New Address**<br><br>CCC ZERO WASTE PVT. LTD.,<br>House of Credai, 2nd Floor, JNI Stadium Link Road, Kochi - 682 017,<br>+91 484 2951052, 9961055355, 9605009901<br>info@ccczerowaste.com , com@ccczerowaste.com | • Institutional level portable bio bin Unit. |
| **19.** | NORTHAMPS ENV SOLUTIONS,<br>Irumpanam P.O, Thrippunithura<br>Ernakulam – 682 309<br>Ph: 9895463766<br>e-mail: info@northamps.com<br>northampsenvsolution@gmail.com | • Portable & Fixed dome type Biogas plants<br>• Bio digester pot<br>• Portable household bio bin Unit<br>• Institutional level Portable Bio bin Units.<br>• Ring Composting Unit |
| **20.** | NAVAJYOTHI BIOGAS<br>13/176, Eloor Ferry Road,<br>Udyogamandal PO, Ernakulam- 683501<br>Ph: 8891339563<br>navajyothibiogas@gmail.com | • Portable & Fixed dome type Biogas plants<br>• Portable (Prefabricated) Biogas Plan (Mixed Culture Fed-Batch type with Separate Digester and gas holder)<br>size - 0.5, 0.75 & 1.00 cum |
| **21.** | EMERALD ENTERPRISES,<br>Door No. 16/1224, Seminari Road,<br>Edakochi, Ernakulam<br>Cochin – 682010<br>Ph: 9633334086, 9497460086<br>emeraldfrp2013@gmail.com | • Portable & Fixed dome type Biogas plant.<br>• Ring Composting Unit<br>• Portable Household bio bin Unit<br>• Bio digester pot |
| **22.** | INNOVATIVE FIBER PRODUCTS ,<br>Mattathur P.O,<br>Ompathungal, Thrissur - 680684<br>Ph: 9846009201, 98605268345<br>innovative010@gmail.com<br>Ph: 9846009201, 9605268345<br>**New Address**<br>Innovative Energy Systems,<br>V/672/A, Kodaly,Pady PO, Mattathur<br>Thrissur - 680 699 | • Portable and Fixed dome type Biogas plants,<br>• Aerobic bin Composting Unit |

| | | |
|---|---|---|
| **23.** | NEW TECH BIOGAS AGENCY,<br>Punnakulam ,<br>Kuzhalmandam P.O,<br>Palakkad, Pin - 678 702<br>Ph:9287910982<br>newtechbiogas@gmail.com | • Portable & Fixed dome type Biogas plant. |
| **24.** | GREEN TECHNOLOGY FOR BETTER LIFE (GTBL),<br>Pattikkad(Near RailwayGate), Perinthalmanna,Malappuram<br>9605167710, 7902448783, 9447007172<br>gtbl2013@gmail.com | • Portable & Fixed dome type Biogas plant.<br>• Portable Household bio bin Unit |
| **25.** | DEEPAM BIOGAS AGENCY,<br>ArunBhavan , Neerillaparappur,<br>Kadampuzha P.O, Malappuram - 676553,<br>Ph: 0494-2618477,<br>Mob: 9847243763, 9447638847<br>Vijayadeepam2021@gmail.com | • Portable & Fixed dome type Biogas plant. |
| **26.** | SCRAPPY INNOVATIONS PVT. LTD.<br>HO WP 18/108-HJK, 1st Floor,<br>Saj building, Manjeri Road, Wandoor,<br>Malappuram – 679 328<br>Ph: 83 42 888 333, 9946427485<br>Email: info@scrappyinnovations.com | • Kitchen Waste Digester. |
| **27.** | XL-BIOGAS,<br>AM Building,<br>Opposite PWD Guest House<br>Nilambur<br>Malappuram – 679329<br>Mob: 9544693383<br>E-mail Id: xl.startupco@gmail.com | • Portable (Prefabricated) Biogas Plant (Mixed Culture Fed-Batch type with Separate Digester and gas holder) size - 0.5, 0.75 & 1.00 cum |
| **28.** | GUNA SREE VERMI COMPOST &<br>SOLID WASTE MANAGEMENT .<br>Kakkodi, Makkada P.O,<br>Kozhikode – 673 611<br>Ph: 9846027160<br>rajanmvipanchika@gmail.com | • Ring Composting Unit<br>• Bio composter bin |

| | | |
|---|---|---|
| **29.** | SHUDHI WASTE CONVERTION UNIT<br>9/226 B, Vadakara, Kozhikode<br>E-mail: gstrajithcement@gmail.com<br>Ph: 9947954017 - 0496 2515135 | • Ring Composting Unit<br>• Bio Composter Bin |
| **30.** | RADIANT MARKET BEAMS<br>17/247 C, Pavamani Road,<br>Kozhikode – 673001,<br>Ph: 0495 – 2722855,<br>9562903150, 9847002150<br>Email: radiant25@gmail.com | • Portable & Fixed dome type Biogas plant. |
| **31.** | RAM BIOLOGICALS,<br>8/528-1, Kuttiadi Irrigation Project Office, Moottoli,<br>Kakkodi P.O, Calicut – 673 611<br>Phone:0495-4025433, 3296858,<br>Mobile: 9446048233. 7025269558<br>E-mail : rambiol@rediffmail.com<br>rambiologicals@gmail.com | • Portable & Fixed dome type Biogas plant.<br>• Kitchen bin<br>• Bio Composter bin<br>• Aerobic bin composting Unit |
| **32.** | NIRAVU ZERO WASTE MANAGEMENT,<br>Parambath House, VengeriPO,<br>Kozhikode - 673 010<br>Ph: 0495-2371301, 9447383669, 9447276177,<br>niravuvengerikzd@gmail.com | • Portable Biogas plant |
| **33.** | PAKKAYIL CEMENT CRAFT WORKERS (Work Shop)<br>Industrial Co-operative Society Ltd.,<br>R No. IND(D) 343<br>Vadakara Beach PO,<br>Kozhikode<br>Ph: 9895628851, 9447347944<br>E-mail: pakkayil.society@gmail.com | • Ring Composting Unit |
| **34.** | KAPIGRO TECHNOLOGIES PVT. LTD.,<br>3/194A, Melur Post, Koilandy,<br>Kozhikode – 673 306<br>Mob:9746497630<br>nithin.ramdas@gmail.com www.kapigro.com | • Kitchen Waste Digester. |
| **35.** | MARIA HYGIENE SOLUTION,<br>Punna Residency, Near Calicut International Airport,<br>Kozhikode – 673 647,<br>Email: unaiskondotty@gmail.com<br>Ph: +01 9946443004, +91 9947073004 | • Portable Household bio bin Unit<br>• Bio Composter bin<br>• Bio digester pot<br>• Bucket composting Unit<br>• Ring Composting Unit<br>• Aerobic bin composting Unit |

| | | |
|---|---|---|
| **36.** | VISMAYA DEEPAM ,<br>1st Floor, Room No. 243k/2, Kottakkal, Near Sargalaya, Vatakara, Kozhikode 673 521<br>vismayabio@gmail.com<br>Ph: 9946992217, 7994225950 | • Portable & Fixed dome type Biogas plants. |
| **37.** | HARITHA RING COMPOST INDUSTRIES,<br>Alakode P.O, Kannur – 670 571<br>Ph: 9447165135, 9544996677<br>E-mal: harithabioindustries747@gmail.com | • Ring Composting Unit |
| **38.** | THE REGIONAL AGRO INDUSTRIAL DEVELOPMENT CO-OPERATIVE OF KERALA LTD., (RAIDCO)<br>SPCA Road, Post Box No. 407<br>Kannur - 670 002.<br>Ph: 0497 –2700875, 2700276, 2700192, 9446005920, 9446005845<br>info@raidco.in<br>managingdirector@raidco.in | • Portable & Fixed dome type Biogas plant.<br>• Portable Household bio bin Unit<br>• Bio Composter bin<br>• Kitchen bin<br>• Bucket Composting Unit<br>• Vermi Composting Unit<br>• Pipe Composting Unit<br>• Ring Composting Unit |
| **39.** | AMRUTHA AGRO INDUSTRIES,<br>Poyiloor PO,<br>Kannur - 670 698<br>amruthaagrokannur@gmail.com<br>Ph: 9495687772, 9495906688 | • Ring Composting Unit |
| **40.** | GLOBAL PHARMACEUTICALS<br>Thavakkara Complex, Thavakkara,<br>Kannur – 670002<br>Phone: 0497-2766255, 9446094255<br>7012804255<br>globalwatersys@gmail.com | • Bokashi Bucket. |
| **41.** | GOLDEN BUILDERS<br>KP8/115, Punnassery, Kakoor,<br>Kozhikode – 673 613<br>Ph: 9526900740<br>muhasiboo7@gmail.com<br>jumanahasim087@gmail.com | • Ring compost units. |

| | | |
|---|---|---|
| **42.** | SUN RICE SOLAR<br>Beenachi PO, SulthanBathery,<br>Wayanadu 673 592<br>Ph: 9048802810<br>sunricesolarwayanad@gmail.com | • Portable Biogas plants. |
| **43.** | OLLOS BIOTECH PVT. LTD.<br>11/38/C, Shivadam, Gothamb Road,<br>MalayattoorP.O.,Ernakulam-683587<br>Ph: - 9846270108<br>ollosecotech@gmail.com | • Portable Household Biobin Unit |